## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 737 08.03.2012 ൽ മറുപടിയ്ക്ക്

### കാടപ്പാറ-മുളങ്കുഴി റോഡിന്റെ അറ്റകുറ്റപ്പണി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) മലയാറ്റൂർ- നീലീശ്വരം ഗ്രാമപഞ്ചായത്തിൽ ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ കീഴിലുള്ള കാടപ്പാറ-മുളങ്കുഴി റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുള്ള 15 ലക്ഷം രൂപ ഈ റോഡിന്റെ പുനരുദ്ധാരണത്തിന് തികയാത്തതിനാൽ കൂടുതൽ തുക അടിയന്തിരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;<br>ബി) ഈ റോഡിന്റെ പുനരുദ്ധാരണത്തിനായി അനുവദിക്കുന്ന തുക അപര്യാപ്ത മായതിനാൽ ഈ റോഡിലൂടെയുള്ള യാത്രയുടെ ദുരവസ്ഥ കണക്കിലെടുത്ത് പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | എ) ബി) ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ കനാൽ നിർമ്മാണത്തിനു വേണ്ടി ഫോറസ്റ്റ് ഡിപ്പാർട്ട് മെന്റിനു കീഴിലുള്ള കാടപ്പാറ-തുണ്ടംറോഡ് അറ്റകുറ്റപ്പണി നടത്തി ഉപയോഗ പ്രദമാക്കുന്നതിനു വേണ്ടി ലഭിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാന ത്തിലാണ് തുക അനുവദിച്ചത്. അനുവദിച്ച തുക അപര്യാപ്തമാ ണെന്നും കൂടുതൽ തുക അനുവദിക്കണമെന്നുമുള്ള പ്രൊപ്പോസൽ ലഭിക്കുകയാ ണെങ്കിൽ ഫണ്ടിന്റെ ലഭ്യതയും പണിയുടെ അടിയന്തിര സ്വഭാവവും പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ